# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5116 06.02.2014-ൽ മറുപടിയ്ക്ക്

## ക്രമസമാധാന തകർച്ചയുമായി ബന്ധപ്പെട്ട കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.കെ.രാജു | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കുറ്റകൃത്യങ്ങളുടെ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (എ) ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കുറ്റകൃത്യങ്ങളുടെ നിരക്ക് 455.8 ആണ്. |
| (ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതക കേസ്സുകൾ എത്ര വീതം; വധശ്രമത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്ര; | (ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും രജിസ്റ്റർ ചെയ്ത കൊലപാതക കേസ്സുകളുടെ എണ്ണവും വധ ശ്രമത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു. |

| വർഷം | 18.05.2011 മുതൽ 31.12.2011 വരെ | 2012 | 2013 |
|---|---|---|---|
| കൊലപാതക കേസുകളുടെ എണ്ണം | 193 | 364 | 351 |
| വധശ്രമ കേസുകളുടെ എണ്ണം | 284 | 494 | 606 |

| | |
|---|---|
| (സി) ഈ കാലയളവിൽ ലൈംഗികമായ ഉപദ്രവങ്ങളുടെ പേരിൽ ചാർജ് ചെയ്യപ്പെട്ടവ എത്ര; | (സി) ഈ കാലയളവിൽ ലൈംഗികമായ ഉപദ്രവങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| വർഷം | 18.05.2011 മുതൽ 31.12.2011 വരെ | 2012 | 2013 |
|---|---|---|---|
| ലൈംഗിക ഉപദ്രവങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം | 2801 | 3996 | 4608 |

(ഡി) ഈ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട മാല പൊട്ടിക്കൽ, തട്ടിക്കൊണ്ടു പോകൽ കേസ്സുകൾ എത്ര;

(ഡി) ഈ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട മാല പൊട്ടിക്കൽ, തട്ടിക്കൊണ്ടു പോകൽ കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | 18.05.2011 മുതൽ 31.12.2011 വരെ | 2012 | 2013 |
|---|---|---|---|
| മാല പൊട്ടിക്കൽ കേസുകളുടെ എണ്ണം | 457 | 746 | 632 |
| തട്ടിക്കൊണ്ടുപോകൽ കേസുകളുടെ എണ്ണം | 182 | 272 | 249 |

(ഇ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്രപേരെ കാണാതായി; ഇതിൽ എത്ര പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്രപേരെ കാണാതായി, ഇതിൽ എത്ര പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | 2012 | 2013 |
|---|---|---|
| കാണാതായവരുടെ എണ്ണം | 5189 | 5533 |
| കണ്ടെത്തിയവരുടെ എണ്ണം | 4567 | 4718 |

(എഫ്) സംസ്ഥാനത്ത് ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

(എഫ്) ശക്തമായ പോലീസ് പട്രോളിംഗും രഹസ്യാന്വേഷണവും നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും , ക്രമസമാധാന പ്രശ്നം മുൻകൂട്ടി അറിഞ്ഞ് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനുകളും, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. പ്രശ്നബാധിത മേഖലകളിൽ ആവശ്യത്തിന് പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിക്കാറുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ച് ക്രമസമാധാന നില ശക്തിപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ